പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2076 — 07.12.2015 ൽ മറുപടിക്ക്

## ഡിറ്റക്ടീവ് ഏജൻസികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾ; എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 9 സ്ഥാപനങ്ങൾ എറണാകുളം സിറ്റിയിലും ഒരു സ്ഥാപനം കോഴിക്കോട് സിറ്റിയിലും പ്രവർത്തിക്കുന്നു. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വിവാഹം, തൊഴിൽ, സാമ്പത്തിക സ്രോതസ്, കുടുംബപശ്ചാത്തലം, തുടങ്ങിയ വിവരങ്ങൾ, വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും മറ്റും ആവശ്യപ്രകാരം അന്വേഷിച്ച് കൈമാറുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അറിയുന്നു. കൂടാതെ Pre Job verification, കാണാതായ ആളുകളെക്കുറിച്ചുള്ള അന്വേഷണം, വാഹന അപകടകേസുകളിൽ ഇൻഷുറൻസ് കമ്പനിക്കാവശ്യമായ അന്വേഷണം, ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത് അവ അടയ്ക്കാത്തവരെക്കുറിച്ചുള്ള അന്വേഷണം, മെഡിക്കൽ ക്ലെയിം തുടങ്ങിയവയെ സംബന്ധിച്ചുള്ള അന്വേഷണവും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നവരിൽ റിട്ടയേർഡ് പോലീസ് ഓഫീസർമാരോ, സർവ്വീസിലുള്ള പോലീസുകാരോ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നതിൽ റിട്ടയേർഡായ 27 പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ, സർവ്വീസിലുള്ള പോലീസുകാർ ആരുംതന്നെ പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടില്ല. |
| (ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമ സാധുതയുണ്ടോയെന്നും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എൻ. ഒ . സി . നൽകുന്നുണ്ടോയെന്നും വിശദമാക്കുമോ? | (ഡി) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ആഭ്യന്തരവകുപ്പിൽ നിന്നും NOC നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ